# വുദ്വൂഇന്റെ സുന്നത്തുകൾ

**1.** ബിസ്മി ചൊല്ലൽ: ചില പണ്ഡിതന്മാരുടെ അഭിപ്രായമനുസരിച്ച് വുദ്വൂഇൻെറ ആരംഭത്തിൽ ബിസ്മി ചൊല്ലൽ വാജിബാകുന്നു. അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു:

(لا صلاةَ لمنْ لا وُضوءَ لَهُ ولاَ وُضُوءَ لمنْ لم يذكُرْ اسمَ اللهِ عَلَيهِ)

'വുദ്വൂഇല്ലാത്തവന് നമസ്കാരമില്ല, ആരംഭത്തിൽ അല്ലാഹുവിൻെറ നാമം സ്മരിക്കാത്തവന് (പൂർണ്ണ) വുദ്വൂഅ് ഇല്ല.' (അഹ്മദ്, അബൂദാവൂദ്)

മറ്റു ചില പണ്ഡിതന്മാരുടെ അഭിപ്രായപ്രകാരം ഇത് സുന്നത്താകുന്നു. അതിന് അവർ തെളിവ് പിടിക്കുന്നത് പ്രവാചകൻ(ﷺ)യുടെ വുദ്വുവിൻെറ രൂപം ഉദ്ധരിച്ചവരിൽ അധികമാളുകളും പ്രവാചകൻ(ﷺ) ബിസ്മി ചൊല്ലിയതായി റിപ്പോർട്ട് ചെയ്തിട്ടില്ല എന്നതാണ്. ശൈഖ് ഇബ്നു ഉഥൈമീൻ പറഞ്ഞു: 'ബിസ്മിചൊല്ലൽ നിർബന്ധമായിരുന്നുവെങ്കിൽ അത് നമ്മെ (വിശുദ്ധക്വുർആനിലും, തിരുസുന്നത്തിലും) ഉണർത്തുമായിരുന്നു'.

**2.** മിസ്വാക്ക് ചെയ്യൽ: വുദ്വൂഇൻെറ അവസരത്തിൽ മിസ്വാക്ക് ചെയ്യൽ സുന്നത്താകുന്നു. അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു:

(لولا أنْ أشُقّ على أمَّتي لأمرتُهُمْ بالسِّواك عند كلِّ صلاةٍ)

'എൻെറ ഉമ്മത്തികൾക്ക് പ്രയാസകരമാകില്ലായിരുന്നു എങ്കിൽ എല്ലാ നമസ്കാരത്തിൻെറ അവസരത്തിലും മിസ്വാക്ക് ചെയ്യാൻ ഞാൻ അവരോട് കൽപ്പിക്കുമായിരുന്നു.' (ബുഖാരി)

**3.** രണ്ട് മുൻകൈകളും കഴുകുക: വുദ്വൂഅ് ആരംഭിക്കുന്നതിന് മുമ്പ് മുൻകൈകൾ രണ്ടും മൂന്ന് പ്രാവശ്യം കഴുകൽ സുന്നത്താകുന്നു. ഉറക്കിൽ നിന്ന് എഴുന്നേറ്റയാൾ ഇപ്രകാരം മുൻകൈകൾ കഴുകുകതന്നെ വേണം. കാരണം അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞിരിക്കുന്നു:

(وَإذَا استيقظ أحدُكُم منْ نَومِهِ فلْيغْسِل يَديه قبلَ أنْ يُدْخِلَهُمَا في الإنَاءِ ثَلاثاً )

'നിങ്ങളിലാരെങ്കിലും ഉറക്കിൽനിന്ന് എഴുന്നേറ്റാൽ (വെള്ള) പാത്രത്തിലേക്ക് കൈകൾ പ്രവേശിപ്പിക്കുന്നതിന്മുമ്പ് മൂന്ന് പ്രാവശ്യം കഴുകുക' (ബുഖാരി)

**4.** മൂക്കിൽ വെള്ളം കയറ്റി ചീറ്റൽ: പരമാവധി മൂക്കിൽ വെള്ളം കയറ്റി ചീറ്റൽ സുന്നത്താകുന്നു. അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു:

( وبَالغْ فِي الاسْتِنشاق إلاّ أن تكون صائماً )

‘നിങ്ങൾ മൂക്കിൽ പരമാവധി വെള്ളം കയറ്റി ചീറ്റുക, നിങ്ങൾ നോമ്പുകാരൻ അല്ലെങ്കിൽ’ (അബൂ ദാവൂദ്)

5. താടിരോമങ്ങൾ ചികറ്റിക്കഴുകുക: വുദ്വുവിൽ മുഖം കഴുകുന്ന അവസരത്തിൽ പ്രവാചകൻ(ﷺ) താടിരോമങ്ങൾ ഇടകോർത്ത് കഴുകുമായിരുന്നു.

6. കൈകാൽ വിരലുകൾ അകറ്റി കഴുകുക: കൈ കാലുകൾ കഴുകുന്ന അവസരത്തിൽ വിരലുകൾ അകറ്റിക്കഴുകൽ സുന്നത്താകുന്നു. അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു:

( إذا توَضَّأتَ فخلِّلْ بينَ أصابعِ يديكَ ورجليكَ )

‘നീ വുദൂഅ് എടുക്കുമ്പോൾ കൈകാൽ വിരലുകൾ വിടർത്തി കഴുകുക.’ (തിർമുദി)

7. അവയവങ്ങൾ തേച്ചുകഴുകുക: അവയവങ്ങളിൽ വെള്ളം ഒഴുക്കുന്നതോടൊപ്പം കൈകൊണ്ട് തേച്ച് കഴുകുകയും ചെയ്യുക. അബ്ദുല്ലാഹ് ഇബ്നു സെയ്ദ്(رضي الله عنه) പറയുന്നു:

(أنَّ النبيَّ ﷺ أُتيَ بثُلثَيْ مدٍّ ماءٍ فتوضأ فجعل يَدلكُ ذِراعيه)

‘നബി(ﷺ)ക്ക് ഒരു മുദ്ദിൻെറ മൂന്നിൽ രണ്ട് ഭാഗം വെള്ളം കൊണ്ടുവരപ്പെട്ടു. അതിൽനിന്ന് അദ്ദേഹം വുദ്വൂഅ് എടുത്തു. തൻെറ മുഴം കൈകൾ ഉരച്ച് കഴുകുവാൻ തുടങ്ങി’ (ഇബ്നു ഹിബ്ബാൻ)

8. വലതുഭാഗം കൊണ്ട് ആരംഭിക്കുക: വുദ്വൂഇൻെറ അവയങ്ങളിൽ വലതു കൊണ്ട് ആരംഭിക്കൽ സുന്നത്താകുന്നു. ആഇശ(رضي الله عنها) പറയുന്നു:

( كانَ النبيُّ ﷺ يعجبهُ التيمُّنَ في تنعُّلِهِ وترجُّلِهِ وطهورِه وفي شأنِهِ كُلِّهِ )

‘നബി(ﷺ) ചെരിപ്പ് ധരിക്കുമ്പോഴും, മുടി ചീകുമ്പോഴും, ശുദ്ധിയെടുക്കുമ്പോഴും അദ്ദേഹത്തിൻെറ മറ്റുകാര്യങ്ങളിൽ മുഴുവനും വലതുകൊണ്ട് തുടങ്ങൽ അദ്ദേഹത്തെ വളരെ ഇഷ്ടപ്പെടുത്തിയിരുന്നു.’ (ബുഖാരി)

9. വുദ്വൂഇന് ശേഷമുള്ള ‘ദിക്ർ’ ചൊല്ലൽ: ഉമർ(رضي الله عنه)വിൽനിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു: അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞിരിക്കുന്നു:

( ما منكم من أحدٍ يتوضَّأُ فيبلغ أو فيسبغ الوضوءَ ثمَّ يقول: أَشْهَدُ أَنْ لاَ إِلَـهَ إِلاَّ الله وَأَنَّ مُحَمَّداً عَبْدُهُ وَرَسُولُهُ ، إلاَّ فُتِحَتْ لَهُ أَبْوَابُ الْجنّة الثَّمانِيَةِ ، يدخُلُ مِنْ أَيِّهَا شَاءَ )

‘നിങ്ങളിൽ ആരും തന്നെ ഇല്ല; താൻ വുദ്വുവെടുക്കുകയും, അത് പരിപൂർണ്ണമാക്കിയതിന് ശേഷം-

أَشْهَدُ أَنْ لاَ إِلَـهَ إِلاَّ الله وَأَنَّ مُحَمَّداً عَبْدُهُ وَرَسُولُهُ

(അർത്ഥം: അല്ലാഹു അല്ലാതെ യഥാർത്ഥ ആരാധ്യനായി ആരുമില്ലെന്നും മുഹമ്മദ് അവൻെറ ദാസനും തിരുദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.) എന്ന് പറയുകയും

ചെയ്യാതെ, അയാൾക്ക് സ്വർഗ്ഗത്തിൻെറ എട്ട് കവാടങ്ങളും തുറക്കപ്പെടും. താൻ ഉദ്ദേശിക്കുന്നതിലൂടെ അയാൾക്ക് (സ്വർഗ്ഗത്തിൽ) പ്രവേശിക്കുകയും ചെയ്യാം.' (മുസ്‌ലിം)

**10. രണ്ടോ മൂന്നോ തവണ കഴുകൽ:** ഒരു പ്രാവശ്യം കഴുകൽ നിർബന്ധമാണ്. രണ്ടും മൂന്നും പ്രാവശ്യം കഴുകൽ സുന്നത്താകുന്നു. എന്നാൽ തലമുഴുവനും രണ്ട് ചെവികൾ ഉൾപ്പെടുത്തി ഒരു തവണയാണ് തടവേണ്ടത്. ഒന്നിലധികം തവണ തടവൽ സുന്നത്തല്ല.

**11. വുദൂഇനു ശേഷം രണ്ട് റക്അത്ത് നമസ്കരിക്കൽ:** സ്വഹീഹുൽ ബുഖാരിയിലും മുസ്‌ലിമിലും ഈ വിഷയത്തിൽ ഹദീഥുകൾ വന്നിട്ടുണ്ട്.

**തയ്യാറാക്കിയത്:**

അബ്ദുൽ ജബ്ബാർ അബ്ദുല്ല

**അവലംബം:**

*ശൈഖ് മുഹമ്മദ് ഇബ്നു സ്വാലിഹ് അൽ ഉഥൈമീന്റെ 'അശ്ശറഹുൽ മുംതിഅ്'*
*ശൈഖ് സാലിഹ് ഇബ്നു ഫൗസാൻ അൽ ഫൗസാന്റെ 'അൽ മുലഖ്ഖസ്വുൽ ഫിക്ഹി'*
*ശൈഖ് സഈദ് ഇബ്നു മിസ്ഫിർ അൽക്വഹ്ത്വാനിയുടെ 'സ്വലാതുൽ മുഅ്മിൻ'*
*ശൈഖ് ഇബ്രാഹീം ഇബ്നു മുഹമ്മദ് അദ്ദുവയ്യാന്റെ 'മനാറുസ്സബീൽ'*
*അബ്ദുല്ലാഹ് ഇബ്നു മുഹമ്മദ് അത്വയ്യാറിന്റെ 'കിതാബുസ്സ്വലാത്'*